എന്നിവ വഴി 40,750 പേർക്കും തൊഴിലവസരങ്ങൾ നൽകി. സഹകരണ മേഖലയിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളിലൂടെ 8,375 പേർക്കും ജോലി നൽകി. ആകെ 14,45,226 പേർക്ക് തൊഴിൽ നൽകുന്നതിനു കഴിഞ്ഞ 57 മാസം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. കാർഷികമേഖലയിലും മറ്റു അനുബന്ധമേഖലകളിലും ഉണ്ടായിട്ടുള്ള തൊഴിൽ സാദ്ധ്യതകൾ ഇതിനുപുറമേയാണ്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി ഈ രാജ്യത്ത് അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ സർക്കാർ പരമാവധി പരിശ്രമം നടത്തിയിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ : സർ, ബഹുഃ മുഖ്യമന്ത്രി ഇന്ന് പി.എസ്.സി. ആസ്ഥാനത്ത് കമ്പ്യൂട്ടർവൽക്കരണ പരിപാടിയുടെ ഔപചാരികമായിട്ടുള്ള ഉദ്ഘാടനം നിർവ്വഹിക്കുകയാണ്. പി.എസ്.സി. ആസ്ഥാനത്തെ തുടർന്ന് ജില്ലാ പി.എസ്.സി. ആഫീസുകളിലും ഈ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തിയാൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിഹരിക്കുവാൻ, തീർപ്പു കല്പിക്കുവാൻ സാധിക്കും. അപ്രകാരം കമ്പ്യൂട്ടർവൽക്കരണം വ്യാപകമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഇന്നത്തെ ദിവസം കഴിഞ്ഞിട്ടേ പറ്റൂ. മറ്റേതു ദിവസമുണ്ടെങ്കിൽ നോക്കാം.

IV സബ്മിഷൻ

(1) 'പേപ്പട്ടി വിഷത്തിന് പാമ്പിൻ വിഷം പ്രതിവിധി' എന്ന കണ്ടുപിടിത്തത്തിന് പേറ്റന്റ് ലഭിക്കണമെന്ന ആവശ്യം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പേപ്പട്ടി കടിച്ച് ഗ്രാമപ്രദേശങ്ങളിൽ സാധുക്കളായ ആളുകൾ ധാരാളം മരണപ്പെടുന്നുണ്ട്. അതിനാവശ്യമായ പ്രതിവിധി കണ്ടെത്തുകയോ ആവശ്യമായ മരുന്ന് ലഭ്യമാക്കുകയോ ചെയ്യാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. ചിറയിൻകീഴ് സ്വദേശിയായ പുഷ്കരാക്ഷൻ ഇതു സംബന്ധിച്ച് ഒരു ഗവേഷണം നടത്തി പേപ്പട്ടി വിഷത്തിനുള്ള പ്രതിവിധി കണ്ടുപിടിച്ച്, അതിന് അംഗീകാരം കിട്ടുന്നതിനുവേണ്ടി ദീർഘകാലമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ചില ലോബികൾ തടസ്സം നിന്നതുകൊണ്ട് അദ്ദേഹത്തിന്റെ മരുന്നിന് അംഗീകാരം കിട്ടാത്ത ഒരു അവസ്ഥയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് പുഷ്കരാക്ഷന്റെ കണ്ടുപിടിത്തത്തിനു അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഏതെങ്കിലും രോഗത്തിന് പ്രതിവിധിയായി ഒരു പുതിയ മരുന്ന് ഉപയോഗിക്കുന്നതിന് അധികാരം നൽകേണ്ടത് കേന്ദ്ര ഡ്രഗ്സ് കൺട്രോളറാണ്. മൃഗങ്ങളിലും മറ്റും പരീക്ഷണം നടത്തിയതിനുശേഷം മരുന്ന് ഫലവത്താണെന്ന് തെളിയിക്കുകയും അപകടകരമായ പാർശ്വഫലങ്ങൾ ഇല്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്താൽ മാത്രമേ ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി മനുഷ്യരിൽ ക്ലിനിക്കൽ ട്രയലുകൾ ആരംഭിക്കാൻ കഴിയു. മൃഗത്തിനുശേഷമേ മനുഷ്യരിൽ പ്രയോഗിക്കുകയുള്ളു. ഈ പരീക്ഷണങ്ങൾ വിജയകരമായാൽ മാത്രമേ ഒരു പുതിയ മരുന്ന് ഉപയോഗിക്കാനുള്ള അനുവാദം കൊടുക്കുകയുള്ളു. ശ്രീ. പുഷ്ക്കരാക്ഷൻ അദ്ദേഹത്തിന്റെ കണ്ടു പിടിത്തം ആവശ്യമായ രേഖകളോടുകൂടി കേന്ദ്ര ഡ്രഗ്സ് കൺട്രോളർക്ക് സമർപ്പിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. പ്രസ്തുത രേഖ തയ്യാറാക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിനായി അദ്ദേഹത്തിന് തന്റെ നിഗമനങ്ങളെ സാധൂകരിക്കുന്നതിനുള്ള തെളിവുകൾ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് കൺട്രോളറെ അദ്ദേഹം ബോധിപ്പിക്കേണ്ടതാണ്. കേന്ദ്ര ഡ്രഗ്സ് കൺട്രോളറുടെ നിബന്ധനകൾ പൂർത്തീകരിക്കാൻ സാധ്യതയുണ്ടെന്നു കണ്ടാൽ തുടർ നടപടികൾക്ക് സർക്കാർ സഹായം നൽകുന്നതാണ്.

(2) കോതമംഗലത്ത് ഒരു കോടതി സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. വി. ജെ. പൗലോസ് : സർ, കോതമംഗലത്ത് ഒരു കോടതി അനുവദിക്കുക എന്നുള്ളത് നിരവധി വർഷങ്ങളായിട്ടുള്ള ആവശ്യമാണ്. താലൂക്ക് ആസ്ഥാനത്ത് കോടതി ഇല്ലാത്ത ഏക സ്ഥലമാണ് കോതമംഗലം. ഇടുക്കി ജില്ലയിലായിരുന്ന, ഇപ്പോൾ കോതമംഗലം താലൂക്കിൽപ്പെട്ട കുട്ടംപുഴ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു കോതമംഗലത്തു വന്നതിനു ശേഷം തൊടുപുഴയിലും പൈനാവിലും പോകേണ്ട ഗതികേടാണ് ജനങ്ങളെ സംബന്ധിച്ചിടത്തോളമുള്ളത്. അഭിഭാഷകരുടെയും ജനങ്ങളുടെയും ആവശ്യങ്ങൾ പരിഗണിച്ച്, ജനങ്ങളുടെ പ്രയാസങ്ങളും ദുരിതങ്ങളും ഒഴിവാക്കുന്നതിനും താലൂക്ക് ആസ്ഥാനത്ത് കോടതി ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും താലൂക്ക് ആസ്ഥാനമായ കോതമംഗലത്ത് കോടതി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നതോടൊപ്പം ബഹുമാനപ്പെട്ട ഹൈക്കോടതിയെ ഈ ആവശ്യം ധരിപ്പിക്കണമെന്നും അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, സംസ്ഥാനത്ത് കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണന ലിസ്റ്റ് നിലവിലുണ്ട്. കോതമംഗലത്ത് ഒരു മജിസ്ട്രേറ്റു കോടതി സ്ഥാപിക്കുന്നതും അതിൽ ഉൾപ്പെടുന്നു. സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഈ ആവശ്യം പരിഗണിക്കും.

(3) വനിതാപോലീസുകാരുടെ എണ്ണത്തിനനുസരിച്ച് പ്രൊമോഷൻ നടത്തേണ്ടത് സംബന്ധിച്ച്

ശ്രീമതി എൻ. കെ. രാധ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടു വരുന്നത്. കേരളത്തിലെ പോലീസുകാരോട് പൊതുവിലും വനിതാ പോലീസുകാരോട് പ്രത്യേകിച്ചും ഈ ഗവൺമെന്റ് കാണിച്ചിട്ടുള്ള അനുഭാവപൂർവ്വമായ പരിഗണന

LIBRARY ARCHIVES Kerala Legislative Assembly